# മഹാസംഘടനകളുടെ പരിണാമം

മണ്ണിക്കരോട്ട്

സംഘടനകളും 'മഹാസംഘടനകളും' (സംഘടനകളുടെ സംഘടന) ഉണ്ടാകുന്നത് അത് പ്രതിനിധീകരിക്കുന്ന സമൂഹത്തിന്റെ അഭിവൃദ്ധിക്കും ക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കാനെന്ന വിളമ്പരത്തോടുകൂടിയാണ്. എന്നാൽ അമേരിക്കയിലെ മലയാളികളുടെ മഹാസംഘടനകൾകൊണ്ട് സാധാരണക്കാർക്ക് എന്താണ് പ്രയോജനം? അല്ലെങ്കിൽ എന്ത് പ്രയോജനമുണ്ടായി? അമേരിക്കയിലെ മലയാളികളുടെ മഹാസംഘടനയായ ഫൊക്കാന രൂപംകൊണ്ടിട്ട്, കാൽനൂറ്റാണ്ടു കഴിഞ്ഞിരിക്കുന്നു. ഈ അവസരത്തിൽ മേൽപ്പറഞ്ഞ ചോദ്യങ്ങൾ ഏറെ പ്രസക്തമാണ്. ഈ ചോദ്യങ്ങൾ അമേരിക്കയിലെ ഓരോ മലയാളിയും സ്വയം ചോദിക്കേണ്ടതുമാണ്. കാരണം, അമേരിക്കയിലുണ്ടാകുന്ന ഓരോ സംഘടനയിലും പ്രത്യേകിച്ച് മഹാസംഘടനകളിൽ, ഇവിടുത്തെ ഓരോ മലയാളിയും പ്രത്യക്ഷമായൊ പരോക്ഷമായൊ അംഗങ്ങളും ഉത്തരവാദികളുമാണ്.

ചില മഹത്തായ ആശയങ്ങളുടെ അടിത്തറയിലാണ് ഫൊക്കാന (ഫെഡറേഷൻ ഓഫ് മലയാളി അസ്സോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക) രൂപം കൊണ്ടത് (എല്ലാ സംഘടനകളും അതുപോലെതന്നെ. ഉദ്ദേശ്യലക്ഷ്യങ്ങൾ, ആദർശങ്ങൾ, ആശയങ്ങൾ കടലാസിൽ എല്ലാം ഭദ്രം). എന്നാൽ ഈ മഹാസംഘടന കൊണ്ട് അമേരിക്കയിലെ സാധാരണ മലയാളികൾക്ക് എന്തു പ്രയോജനമുണ്ടായെന്നു ചോദിച്ചാൽ കടലാസിൽ നോക്കി സന്തോഷിക്കുന്നതായിരിക്കും നല്ലത്. എന്തായാലും ഈ കടലാസ് നേട്ടങ്ങളിൽപോലും കലർപ്പിന്റെ കരിനിഴൽ കലരാൻ കാലത്തിന്റെ ദൈർഘ്യം പ്രശ്നമായിരുന്നില്ല. തട്ടിയും മുട്ടിയും ഒരു വ്യാഴവട്ടം. അത്രമാത്രം. നേതൃനിര നീണ്ടു. സ്ഥാനമോഹങ്ങളും സ്ഥാപിത താൽപര്യങ്ങളും പടർന്നു. കലർപ്പിന്റെയും അപസ്വരങ്ങളുടെയും രണകാഹളം ധ്വനിച്ചു. ആരംഭശൂരതയുടെ ആവേശത്തിലും ആശ്ലേഷത്തിലും ആടിത്തിമിർത്ത മഹാസംഘടന അടിത്തറയുലഞ്ഞാടി. വേലിതന്നെ വിളവു തിന്നുകയായിരുന്നു. ഫൊക്കാന ആരുടെയൊക്കെയൊ കരാളഹസ്തങ്ങളിൽ പിടഞ്ഞു. അത് മലയാളികൾക്ക് അന്യമല്ലാത്ത പിളർപ്പിൽ ചെന്നവസാനിക്കുകയും ചെയ്തു.

പിരിഞ്ഞവർ അമേരിക്കയിലെ അംഗങ്ങളെ മാത്രം തേടിപ്പോകാതെ ആഗോളതലത്തിൽ ചിറകുവിരിച്ച് പറന്നകന്ന് പിന്മാറിയത് ഫൊക്കാനായുടെ ഭാഗ്യജാതകമെന്നു പറഞ്ഞാൽ മതിയെല്ലൊ. എങ്കിലും സ്വാർത്ഥതാൽപര്യങ്ങളും സ്ഥാപിതതാൽപര്യങ്ങളും അതോടൊപ്പം നേതാക്കളുടെ വിവരക്കേടും ഈഗൊപ്രദർശനങ്ങളും കുമിഞ്ഞുകൂടി. അഗ്നിപർവ്വതം പുകഞ്ഞുകൊണ്ടേയിരുന്നു. ഒരു വ്യാഴവട്ടംകൂടി. 2006–ൽ ഫ്ളോറിഡായിലെ ഒർലാൻഡോ സമ്മേളനത്തിൽ അഗ്നിപർവ്വതം വീണ്ടും പൊട്ടിത്തെറിച്ചു. ലാവ കവിഞ്ഞൊഴുകി.

നിസ്സാരമായി തടയാമായിരുന്ന ഈ പൊട്ടിത്തെറിയുടെ വിഴിപ്പ് കുംഭത്തിലൊതുക്കി, നമ്മുടെ 'മഹാനേതാക്കൾ' നേരേ വച്ചുപിടിച്ചു സായിപ്പിന്റെ ന്യായാസനത്തിൽ. അവിടെ എല്ലാം അടിയറവച്ച് മുട്ടുകുത്തി വന്ദനം ചൊല്ലി. അവിടെ അവരുടെ (നമ്മുടെ) വിഴിപ്പിന്റെ ഭാണ്ഡങ്ങളഴിച്ചു. ഒപ്പം ഭാര്യമാർ ഉറക്കമില്ലാതെ ഉണർന്ന് തങ്ങളുടെ ജീവിതം പണയപ്പെടുത്തി ഇരട്ടിപ്പണിചെയ്തുണ്ടാക്കിയ പണംകൊണ്ട് വക്കീൽ സായിപ്പന്മാരുടെ കീശ നിറച്ചു. അമേരിക്കയിലെ മലയാള പ്രസിദ്ധീകരണങ്ങളിൽ വാർത്തകൾ കൊഴുത്തു. ഫലമോ? മാനനഷ്ടം, പണനഷ്ടം, സമയനഷ്ടം, പിന്നെ പിളർപ്പും. അപ്പോഴും മഹാനേതാക്കൾ പിടിച്ച 'മുയലിന്' വമ്പൻ കൊമ്പു മൂന്ന്.

ഒരുങ്ങിയിരുന്നതുപോലെ ഉടൻ ഉയർന്നു മറ്റൊരു മഹാസംഘടന, ഫോമാ (ഫെഡറേഷൻ ഓഫ് മലയാളി അസ്സോസിയേഷൻ ഇൻ ദി അമേരിക്കാസ്). 2008–ൽ ഈ രണ്ടു മഹാസംഘടനകളുടെയും സമ്മേളനം വിവിധ നഗരങ്ങളിൽ ഒരേ സമയം അരങ്ങേറിയ വികൃതവും മലയാളികൾ മനംനിറയെ മനസ്സിലാക്കി. എന്തായാലും അങ്ങനെയങ്ങു വിട്ടുകൊടുക്കുന്നതു ശരിയല്ലല്ലോ. ഒറിജിനൽ (original) പിടിച്ചെടുക്കണം. വീണ്ടും അമേരിക്കൻ ന്യായാസനത്തിന്റെ പടികൾ ചവിട്ടി. കേസും കേസിനുമേൽ കേസും. വാദിക്കത്തക്ക കാരണങ്ങളില്ല. വാദിക്കാൻ വേണ്ട നിയമവും ഇല്ല. എന്തായാലും അഭിഭാഷകർക്ക് കുശാൽ. അവർക്ക് വെളുത്ത ചിരിയും കനത്ത പോക്കറ്റും. അവർ മലയാളികളുടെ സാമൂഹ്യ–സാംസ്ക്കാരിക പാപ്പരത്തവും വിവരക്കേടും കോഴിപ്പോരും (chicken flight) കണ്ട് ഉള്ളുകൊണ്ട് പുച്ഛിച്ചു.

സഹധർമ്മിണിമാർ സഹികെട്ടു. കുടുംബങ്ങളിൽ അസ്വരസങ്ങൾ കുമിഞ്ഞുകൂടി. കുടുംബങ്ങൾ പിളർപ്പിന്റെ വക്കിലെത്തി. വക്കിൽനിന്ന് വഴുതിവീണവരും ഇല്ലാതില്ല. അപ്പോഴും മഹാനേതാക്കൾ പിടിച്ച 'മുയലിന്' വമ്പൻ കൊമ്പു മൂന്ന്.

അമേരിക്കയിലെ മൊത്തം മലയാളികളുടെ മഹാസംഘടനയാണ് തങ്ങളുടേതെന്ന് ഇരുകൂട്ടരും ഊറ്റം

കൊള്ളുന്നു. എന്നാൽ അന്നത്തെ രണ്ടു കൺവൻഷനിലുംകൂടി, പ്രത്യേകിച്ച് ഫൊക്കാനയുടെ രജതജൂബിലി യായിട്ടും, അമേരിക്കയിൽ ആകെയുള്ള മലയാളികളിൽ ഒരു ശതമാനംപോയിട്ട് ഒരു ശതമാനത്തിന്റെ നല്ലൊ രംശംപോലും കണികാ ണാനെന്നപോലെയെങ്കിലും കടന്നുചെന്നില്ല. പിന്നെ ആർക്കുവേണ്ടിയാണ് ഈ മഹാസംഘടനകൾ? സംഘാടകരും അവരുടെ മൂടുതാങ്ങികളും ചേർന്ന് 'ഹാപ്പി ഔർ' (Happy Hour) നുണഞ്ഞ് തങ്ങളുടെ തനതായ സൗഹൃദചഷകം ഒഴുക്കി വിഴിപ്പലക്കിയതുകൊണ്ട് അമേരിക്കയിലെ മലയാളികളുടെ കൺവൻഷനാകുമോ? എന്നിട്ടും പുതിയ നിയമാവലി, പുതിയ തെരഞ്ഞെടുപ്പ്, കൺവൻഷൻ, ഹാപ്പി ഔർ. അങ്ങനെ അവർക്ക് പദ്ധതികൾ പലവിധം സുലഭം. മഹാനേതാക്കൾ പെരുമ്പറമുഴക്കി അട്ടഹസിക്കുന്നു. പത്രത്താളുകൾ നിറയ്ക്കുന്നു. അതിലും ഒരുകൂട്ടർ സന്തോഷിക്കുന്നു.

അമേരിക്കയിലെ മലയാളികളുടെ പ്രതിച്ഛായ തകിടം മറിയ്ക്കുന്ന പ്രവർത്തനങ്ങളും പെരുമാറ്റങ്ങളു മാണ് മഹാനേതാക്കളിൽ (മഹാസംഘടനകളുടെ നേതാക്കൾ) നിന്നും ഉണ്ടായിട്ടുള്ളത്. ലോകത്തിലെ ഏറ്റവും പരിഷ്കൃതവും, ശാസ്ത്ര-സാങ്കേതിക-സാംസ്ക്കാരിക-സാമ്പത്തിക മേഖലകളിൽ അത്ഭുതകരമായ വിജയം നേടിയിട്ടുമുള്ള രാജ്യത്ത് ജീവിക്കാൻ ഭാഗ്യംലഭിച്ചതുകൊണ്ട്, അമേരിക്കയിലെ മലയാളികൾക്ക് എവിടെയും പ്രത്യേക അംഗീകരവും പരിഗണനയുമുണ്ട്. അങ്ങനെയുള്ളവർ സാംസ്ക്കാരികമായി വളരെ ഉയർന്നവരാ ണെന്ന് മറ്റുള്ളവർ ധരിക്കുകയും ചെയ്യുന്നു.

എന്നാൽ സ്വന്തം കൺമുമ്പിലെയും സ്വന്തം ഗ്രാമത്തിലെപോലും മാറ്റങ്ങൾ മനസ്സിലാക്കാതെ, അമേരിക്കയിൽ പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും സാംസ്ക്കാരികപരിവർത്തനമില്ലാതെ മൂഢസ്വർഗ്ഗത്തിൽ കഴി യുന്ന മഹാനേതാക്കൾ അമേരിക്കയിലെ മലയാളികളുടെ അംഗീകാരത്തിന്റെ മൊത്തക്കച്ചവടക്കാരായി. മഹാ സംഘടനയുടെ പിൻബലത്തിൽ വിളയാടിയവർ, കിരീടവും ചെങ്കോലും സ്വയം എടുത്തണിഞ്ഞു. ഇൻഡ്യ യിലെ പ്രത്യേകിച്ച് കേരളത്തിലെ രാഷ്ട്രീയ-സാംസ്ക്കാരിക-സാഹിത്യ നേതാക്കൾക്കൊപ്പം നിന്നപ്പോൾ തങ്ങളുടെ കിരീടത്തിന് വിലയുണ്ടെന്ന് സങ്കൽപ്പിച്ചു. ഫലത്തിലോ? ഇക്കൂട്ടർ പണക്കാരാണ് എന്നാൽ വിവ രംകെട്ടവരും വിടുവായരുമാണെന്ന് അറിവുള്ളവർക്ക് തിരിച്ചറിയാൻ അധികം സമയം വേണ്ടിവന്നില്ല. അതു പോലും മനസ്സിലാക്കാതെ കുറെ മഹാനേതാക്കൾ, വൈകീട്ട് വാടിവീഴുന്ന പ്രലോഭനത്തിൽ തിളങ്ങി. മയക്കുവെള്ളം ഒഴുകി. കീശ ചുരുങ്ങിയതു സാരമില്ല.

ഇന്ന് അമേരിക്കയിലെ മലയാളികളെക്കുറിച്ച് പുച്ഛവും പരിഹാസവും മനസ്സിലൊതുക്കി പെരുമാറു ന്നവർ ചുരക്കമല്ല. അതിന് ഒരു ചെറിയ ഉദാഹരണംമാത്രമാണ് ഒരു സമയത്ത് ഇൻഡ്യൻ പ്രസിഡന്റിനെവരെ പങ്കെടുപ്പിക്കാൻ പദ്ധതിയിട്ട, കേരളത്തിന്റെ മുഖ്യമന്ത്രി പങ്കെടുത്ത മഹാസംഘടനയിൽ, 2008-ൽ കേവലം ഒരു മണ്ഡലം പ്രസിഡന്റുപോലും തിരിഞ്ഞുനോക്കാനില്ലാത്ത അവസ്ഥയായി. പത്രങ്ങളിൽ പ്രമുഖ നേതാ ക്കളുടെ പട്ടിക നിരത്തി. അങ്ങനെ പണ്ടത്തെ പ്രതാപം അച്ചടിമഷിയിൽ ഒതുക്കി. ഏന്തായാലും അവർ 'ന്റുപ്പാപ്പാന്റെ ആനയെ' അയവിറക്കി സന്തോഷിക്കട്ടെ. ചുരുക്കത്തിൽ ഇക്കൂട്ടർ, അമേരിക്കയിലെ മലയാളിക ളെക്കുറിച്ചുണ്ടായിരുന്ന മതിപ്പ് തകിടം മറിച്ചു.

മഹാനേതാക്കളിൽ പ്രത്യേകിച്ച് മുന്തിയവർക്ക് മന്ത്രിക്കുപ്പായമാണ് മുഖ്യം. എങ്ങനെയെങ്കിലും അതൊന്നു സംഘടിപ്പിക്കും. അതുമായി മലയാളികളുടെ പരിപാടികളിൽ വിലസും. പിന്നെ വച്ചുപിടിക്കും നേരേ നാട്ടിലേക്ക്. അമേരിക്കയിലെ മഹാസംഘടനയുടെ പേരിൽ നാട്ടിലെ നാലാംകിട നേതാക്കളിൽ പിടി ച്ചുകയറി മുന്തിയ നേതാക്കളുമൊത്ത് പടമെടുക്കാനും വാർത്തകൾ സൃഷ്ടിക്കാനും വെമ്പൽ. അതോടൊപ്പം മഹാസംഘടനയുടെ പേരിൽ പൊള്ളയായ വാഗ്ദാനങ്ങളുടെ പട്ടിക നീട്ടിക്കൊടുക്കുകയും ചെയ്യും. അമേരിക്കി യിലെ മലയാളി സംഘടനകളുടെ സംഘടന, അമേരിക്കയിലെ ആകെമൊത്തം മലയാളികളുടെ സംഘടന. കേൾക്കാൻ ഗംഭീരം. പ്രതാപത്തിനും കുറവില്ല. ഫലമോ? ഭൂതക്കണ്ണാടി വച്ചു നോക്കണം. അപ്പോഴും കണ്ണാടിയെ കുറ്റം പറയുന്നതായിരിക്കും മിച്ചം.

വാസ്തവത്തിൽ ഇവർ, അമേരിക്കൻ ഭരണകൂടവുമായി ബന്ധം പുലർത്തുകയാണ് വേണ്ടത്. സിറ്റി ഹൗസിൽ തുടങ്ങി സ്റ്റേറ്റ് ഹൗസിലൂടെ അമേരിക്കയുടെ അധികാരസിരാകേന്ദ്രങ്ങളിൽ നമ്മുടെ ശബ്ദം എത്തിക്കണം. അവിടെ നമ്മുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാനും പരിഹാരം കണ്ടെത്താനും കഴിയണം. അമേരിക്കയിലെ കൺവൻഷനുകളിൽ നാട്ടിലെ രാഷ്ട്രീയ നേതാക്കളേയും സിനിമാക്കാരേയും മറ്റും പങ്കെടുപ്പിക്കാൻ മത്സരിക്കുന്നതു കാണാം. വാസ്തവത്തിൽ അമേരിക്കയിലെ നേതാക്കളേയും ഒരുപോലെ പങ്കെടുപ്പിക്കേണ്ടതാണ്. എങ്കിൽ മാത്രമേ അമേരിക്കയിലെ സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ നമുക്ക് പങ്കുകാരാ കാൻ സാധിക്കുകയുള്ളു.

അമേരിക്കയിൽ മിക്കരാജ്യക്കാരും സാമൂഹ്യ-രാഷ്ട്രീയതലങ്ങളിൽ വിവധനിലകളിൽ പ്രമുഖസ്ഥാനം വഹിക്കുന്നുണ്ട്. അതുപോലെ ഈ രാജ്യത്ത് നമ്മളും ഉയരണം. അപ്പോഴാണ് നമ്മുടെ അസ്തിത്വം ഇവിടെ ഉറക്കുന്നത്. അപ്പോഴാണ് നമ്മുടെ വ്യക്തിത്വം ഇവിടെ വ്യക്തമാകുന്നത്. അപ്പോഴാണ് അമേരിക്കൻ

രാഷ്ട്രീയ–സാമൂഹ്യ തലങ്ങളിൽ നമ്മുടെ രാജ്യത്തിന്റെ യശ്ശസ് ഉയരുന്നത്. അപ്പോൾ നമ്മുടെ പ്രശ്നങ്ങൾക്ക് പരിഗണനയും പരിഹാരവും ലഭിക്കും. ക്രീയാത്മകവും ദീർഘവീക്ഷണത്തോടുംകൂടിയ പ്രവർത്തനങ്ങളാണ് സംഘടനകൾക്ക് പ്രത്യേകിച്ച് മഹാസംഘടനകൾക്ക് വേണ്ടത്. അല്ലാതെ താൽക്കാലിക നേട്ടത്തിനുവേണ്ടി നാട്ടിലെ നാലാംകിട നേതാക്കളുടെ പ്രീതിപറ്റി വാർത്തകൾ സൃഷ്ടിക്കുകയല്ല വേണ്ടത്.

വാർത്തകൾ സൃഷ്ടിക്കാനും വേദികൾ കയ്യടക്കാനും വേറെയും മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതു കാണാം. നേതാവെന്ന പേരിൽ, അല്ലെങ്കിൽ കലാകാരൻ എന്നപേരിൽ ആരേകിട്ടിയാലും സ്ഥാനത്തും അസ്ഥാനത്തും വിളിച്ചുവരുത്തി അഭിനന്ദിക്കുന്നതും ആദരിക്കുന്നതും കാണാം. അതിലുപരി, സമ്പൽസമൃദ്ധിയുടെയും പ്രതാപത്തിന്റെയും കൊടുമുടിയിൽ തിളങ്ങുന്നവരെ തിരഞ്ഞുപിടിച്ച് ഓടിച്ചിട്ട് പുരസ്ക്കാരങ്ങളും പണക്കിഴിയും കാഴ്ചവയ്ക്കും. അവരോടൊപ്പം തങ്ങളുടെ പേരും പടവും പുറത്തുവരും. നേതാക്കളുടെ കൊമ്പു വളർന്നെന്നു തോന്നി സ്വയം ഉയരും. എന്നാൽ, അമേരിക്കയിൽ മലയാളികളായ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെപ്പോലും അവഗണിക്കുന്ന പ്രവണതയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അങ്ങനെ മൺമറഞ്ഞ അടിമത്വ പാരമ്പര്യത്തിന്റേയും ജന്മി–കുടിയാൻ ബന്ധത്തിന്റെയും തനിയാവർത്തന പ്രവണതകളാണ് മിക്കപ്പോഴും കണ്ടുവരുന്നതും കൊണ്ടുവരുന്നതും.

അംഗസംഘടനകളെ പിളർത്തുകയായിരുന്നു മഹാസംഘടനയുടെ മറ്റൊരു ‘നേട്ടം’. മഹാസംഘടനയിൽ വിതറിയ വിഷബീജം അംഗസംഘടകളിൽ പടരാൻ കൂടുതൽ സമയം വേണ്ടിവന്നില്ല. അമേരിക്കയിലെ ഓരോ പട്ടണങ്ങളിലെ മലയാളി സംഘടനകൾ ചേർന്നുണ്ടായതാണ് ഫൊക്കാന. സ്നേഹത്തിലും ഐക്യത്തിലും പ്രവർത്തിച്ചിരുന്ന അത്തരം അംഗസംഘടനകൾ ഇന്ന് ചേരിതിരിഞ്ഞ് തമ്മിലടിക്കുകയാണ്. രണ്ടുകൂട്ടർക്കും പ്രത്യേകം പ്രത്യേകം നേതാക്കളും കാണും. ഒരു കൂട്ടർ ഫൊക്കാനായ്ക്കും മറ്റൊരു കൂട്ടർ ഫോമായ്ക്കുംവേണ്ടി വാളോങ്ങുന്നു. അങ്ങനെ അമേരിക്കയിലെ മലയാളികളിൽ ഉണ്ടായിരുന്ന ഐക്യവും സമാധാനവും ഇവർ അപഹരിച്ചു.

ഈ പരിണാമം ഇവിടെ തീരുന്നില്ല, തുടരുകയാണ്. എവിടെ ചെന്നവസാനിക്കും? ആർക്കും നിശ്ചയിക്കാൻ കഴിയും.